

(കഥാകൃത്തിനെ കുറിച്ച്)

പേര്: അബ്ദുൽ ജലീൽ എ.

1974–ൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സ്വദേശി. വിദ്യാഭ്യാസം . ബി.എ (ചരിത്രം), 2005 മുതൽ എഴുതുന്നു. പ്രസിദ്ധീകരിച്ച കൃതികൾ. ബാലസാഹിത്യം.: പഞ്ചവർണ്ണ കിളികളും പൊന്നൂഞ്ഞാലും(2005), ചക്കര മാമ്പഴം(2009), ആകാശം മോഹിച്ച പെൺകുട്ടി (2024), മഴവിൽ നിറമുള്ള ശലഭങ്ങൾ(2022), കുഞ്ഞിക്കുടുക്ക(2011), പുഴയും പൂമരവും(2011), ചിറകറ്റ പക്ഷികൾ(2010). ചെറുകഥാ സമാഹാരം:. ഗ്രേവി. –(2022),

ഭാര്യ. റഹീല, മകൻ. അബ്ദുല്ല.

വിലാസം: തട്ടാൻപറമ്പിൽ

പട.വടക്ക്, കരുനാഗപ്പള്ളി, കൊല്ലം – പിൻ–690518

**email.:** aajaleel74@gmail.com

## സത്യവാങ്മൂലം

ഇ-മലയാളി കഥാമത്സരം 2024-ലേക്ക് അയക്കുന്ന ഉലക്ക മഹാത്മ്യം എന്ന കഥ പൂർണ്ണമായും എന്റെ സൃഷ്ടിയാണ്. ഇത് മുമ്പ് ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിലോ ഏതെങ്കിലും രൂപത്തിലോ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതല്ല എന്ന് ബോധിപ്പിക്കുന്നു.

അബ്ദുൽ ജലീൽ എ

# ഉലക്ക മാഹാത്മ്യം

‘ഉലക്കക്ക് അടിച്ച് കൊന്നു!

വയനാട്: പതിവായി മദ്യപിച്ച് വന്ന് വഴക്ക് കൂടിയ ഭർത്താവിനെ ഭാര്യ ഉലക്കക്ക് അടിച്ച് കൊന്നു.

രാത്രി ഭാര്യയുമായി തല്ലും പിടിയും കഴിഞ്ഞ് ഉമ്മറത്ത് തന്നെ കുഴഞ്ഞ് വീണ്; പുലർച്ചെ ഉണർന്നെഴുനേറ്റ സഹദേവന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞ പത്രത്തിന്റെ തലക്കെട്ട് വായിച്ച് അയാൾ ഒന്ന് പതറിയത് സ്വഭാവികമായിരുന്നു. പിന്നെ കഴിഞ്ഞ രാത്രി മുതൽ രാവിലെ വരെയുള്ള സംഭവങ്ങൾ ഒന്നോർക്കാൻ ശ്രമിച്ചു.  കുഴഞ്ഞ ഓർമ്മകളിൽ തെളിഞ്ഞത് ഇപ്രകാരമായിരുന്നു.

ജോലി കഴിഞ്ഞ് എല്ലാ ദിവസവും പോലെ ഒന്നു മിനുങ്ങുന്നു.....

പിന്നെ വീട്ടിലെത്തി ഭാര്യയുമായി തല്ലും പിടിയും.....

തല്ല് ഭയന്ന് എന്നത്തേയും പോലെ അവളും മക്കളും ജീവനും കൊണ്ട് ഓടുന്നു....

ശേഷം താൻ ഉമ്മറത്ത് കുഴഞ്ഞ് വീഴുന്നു.....

രാവിലെ ഉണർന്ന് മനോരാജ്യത്തിലമർന്ന തന്റെ ചാരത്ത് ചൂടു ചായ പകർന്ന് വെച്ചിട്ട് ഭാര്യ പാത്രം കഴുകാനായി അടുക്കളക്ക് പിറകിലേക്കോ,  അയൽ വീടുകളിലുറങ്ങുന്ന മക്കളെ തിരികെ കൊണ്ടുവരാനായോ പോകുന്നു.....

ചായയോടൊപ്പം പത്രത്തിലെ സംഭവവികാസങ്ങൾ ജോലി സ്ഥലത്ത് ചർച്ചയാക്കാൻ ഓടി പിടിച്ചൊരു വായന ! ഈ ദിനചര്യയിൽ നിന്നും വ്യത്യസ്ഥമായ ഒന്നും തന്നെയില്ല! പക്ഷെ ഇന്ന് പത്രത്തിന്റെ  പ്രാദേശിക കോളത്തിലെ തലക്കെട്ട് വായിച്ച് ഉറക്കവും അവശതയും ആവിയായി! പിടഞ്ഞുണർന്ന് കണ്ണ് നന്നായി തിരുമ്മി വാർത്ത ഒന്നുകൂടി വായിച്ചു.

‘മേക്കോൺ പാലത്ത് കൊച്ചുവീട്ടിൽ തറയിൽ വിനു എന്ന് വിളിക്കുന്ന വിനയനെ (35)യാണ് ഭാര്യ ജരിത ഉലക്കക്ക് അടിച്ച് കൊന്നത്. ജരിതയെ പോലീസ് അറസ്റ്റ് ചെയ്തു. നിരന്തരമായ ദേഹോപദ്രവം സഹിക്കാതെയാണ് താൻ ഇത് ചെയ്തതെന്ന് ജരിത പറഞ്ഞു.  മക്കളായ ജാനകിയും,  രഘുവരനും ഇതോടെ അനാഥരായി. ജരിതയുടെ മാതാവായ കല്യാണിയമ്മയുടെ വീട്ടിലേക്കാണ് കുട്ടികളെ കൊണ്ട് പോകുന്നതെന്നു് വാർഡ് കൗൺസിലർ കൂടിയായ വാമദേവൻ പറഞ്ഞു. കൊലപാതകം കുട്ടികളുടെ സാന്നിധ്യത്തിലായതിനാൽ അവരെ കൗൺസിലിംഗിന് വിധേയരാക്കുമെന്നും സൂചനയുണ്ട് ‘

പത്രം വായിച്ച് കൊണ്ടിരുന്ന സഹദേവൻ അന്തം വിട്ട് പോയി. സഹദേവനെന്ന പേരിന് മാത്രമേ വ്യത്യസമുള്ളു. ബാക്കി പേരുകളൊക്കെ തന്റെ വീട്ടിലെ ഓരോ അംഗങ്ങളുടേതുമാണ്. ഒന്ന് കൂടി തെളിച്ച് പറയാം. ഞാൻ സഹദേവൻ. ഭാര്യയുടെ പേര് ജരിത. മകൾ എട്ടു വയസ്സുകാരി ജാനകിയും മകൻ 10 വയസ്സുകാരൻ രഘുവരനുമാണ്. ജരിതയുടെ അമ്മയുടെ പേര് കല്യാണി അമ്മയെന്നും ഞങ്ങളുടെ വാർഡ് കൗൺസിലറുടെ പേര് വാമദേവൻ എന്നുമാണ്. എന്തിനധികം വീട്ട് പേര് പോലും ഒരേ പോലെയാണ്. കൊച്ചുവീട്ടിൽ തറയിൽ! ഞങ്ങൾ താമസിക്കുന്നത് മൂന്നാറിലെ രാജമലയും കൊല നടന്നത് വയനാട്ടിലെ മുണ്ടക്കൈലുമാണ്. അടിയേറ്റ് മരിച്ച വിനയനെ കുറിച്ച് പ്രത്യേകം പെട്ടിക്കോളം വാർത്തയുമുണ്ട്.

അതിരാവിലെ ആയിട്ടും സഹദേവൻ വിയർക്കുകയും വിറക്കുകയും ചെയ്തു. ഇത്തിരി ചൂട് വെള്ളം കിട്ടീരുന്നെങ്കിലെന്നാശിച്ചു. ചൂട് ചായക്കൊപ്പമാണ് വായന തുടങ്ങിയതെങ്കിലും ചായകുടി പൂർത്തിയാക്കാൻ പത്രവായന അനുവദിച്ചില്ലന്നാണ് സത്യം. പേരുകൾക്ക് ഇത്ര സാമ്യമോ? ലോകത്ത് ഒരേപോലുള്ള ഏഴാളുകൾ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. പക്ഷെ അവർക്കാർക്കും പേരുകൾ ഒരേ പോലെ വന്നതായി കേട്ടിട്ടില്ല. ചായ തണുത്ത് കെട്ടുപോയിരിക്കുന്നു. അതിൽ ഈച്ച വീണ് പൊന്തുകയും ചെയ്തു. മരണപ്പെട്ട വിനയന്റെ അതേ സ്വഭാവമാണ് തനിക്കുള്ളതെന്ന് ഞെട്ടലോടെ അയാൾ ഓർത്തു. കഴിഞ്ഞ രാത്രിയും ഭാര്യയുമായി ഒരു തല്ലും പിടിയും കഴിഞ്ഞാണ് കിടന്നത്. ബഹളം കേട്ട് ഭയന്ന് ഓടിയ മക്കൾ അയൽ വീട്ടിൽ നിന്നും ഇപ്പോഴും തിരികെ വന്നിട്ടില്ല. തന്റെ തലക്ക് മീതേയും ലക്ഷണമൊത്ത ഒരു ഉലക്ക പതിച്ചേക്കുമെന്ന ചിന്ത അയാൾക്ക് ഉൾക്കിടലമുണ്ടാക്കി. ഒരു തിരിച്ച് പോക്കിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നയാൾക്ക് തോന്നി. പത്രം ആരും കാണാതെ മടക്കി തുണിപ്പെട്ടിയുടെ അടിയിലൊളിപ്പിച്ചു. കഴിഞ്ഞ ദിവസം വരെ ഉണ്ടായിരുന്ന ധൈര്യത്തിന് വലിയൊരു തുള വീണ പോലെ തോന്നി. ശരീരഭാരം കുറയുന്നതും പരവേശം വ്യാപിക്കുന്നതും അയാളറിഞ്ഞു.

ഉണർന്നു് എണീറ്റിട്ടും സഹദേവന് പണിക്ക് പോകാൻ ഒരു ഉഷാറും തോന്നിയില്ല. ഏറെ നാളുകൾക്ക് ശേഷം വീട്ട് പരിസരം ഒരപരിചിതനെപ്പോലെ കാണുകയായിരുന്നു. അയയിൽ തൂക്കി ഇട്ടിരിക്കുന്ന നിറം മങ്ങിയതും നുരുമ്പിച്ചതുമായ തുണികൾ .അവയുടെ കെട്ട ഗന്ധം അയാളിൽ അലോസരം നിറച്ചു.ദിനംപ്രതി ലഭിക്കുന്നവരുമാനങ്ങൾ ഒലിച്ച് പോകുന്ന ബാറുകളുടെ വർണ്ണ ബോർഡുകൾ ചിന്തയിൽ സ്വാസ്ഥ്യം കെടുത്തി. വഴി നീളെ പുലഭ്യം പറഞ്ഞ് ഒടുവിൽ ബോധമറ്റ് നിലംപതിച്ചപ്പോഴുണ്ടാകുന്ന ആൾരൂപങ്ങൾ പതിഞ്ഞ വീട്ട് മുറ്റങ്ങൾ. ഭാഗ്യത്തിൽ നിന്ന് ഏറെ അകന്ന് പോയ ലോട്ടറി ടിക്കറ്റ്കളുടെ കൂമ്പാരങ്ങൾ. മെലിഞ്ഞ് ഉണങ്ങി വിളർച്ച ബാധിച്ച ഭാര്യയുടെയും മക്കളുടേയും നിസ്സഹായത നിറഞ്ഞ മുഖം. സൗഹൃദത്തിന്റെ അയൽപ്പക്ക കാഴ്ചകൾ മറച്ച് കൊണ്ട് നോവിന്റെ പ്രതീകം പോലെ അയാൾനട്ട മുൾപ്പടർപ്പുകൾ ഭീഷണി പോലെ വീടിന് മേൽ പടർന്ന്

കയറീരിക്കുന്നു .ഒരു നിമിഷം അയാൾ ചിന്താധീനനായി. പലപ്പോഴും ഒരു തിരിച്ച് പോക്ക് ആഗ്രഹിച്ചിട്ടുണ്ട്. പക്ഷെ പഴയ വഴിയിലേക്ക് ആരോ പിടിച്ച് വലിച്ച് കൊണ്ട് പോകുന്നത് പോലെയാണ് തോന്നാറ് .ഓർമ്മകളിലൂടെ പഴയ കാലത്തേക്ക് മെല്ലെ നടന്ന് തുടങ്ങി....

*  *  *

ദിവാകരനും കല്യാണി അമ്മക്കും നാല് മക്കളായിരുന്നു. മൂന്ന് ആൺമക്കൾ. രമണനും കൃഷ്ണനും കണ്ണനും. നാലാമത്തവൾ ജരിത. ഇത്തിരി പരിഷ്ക്കാരമുള്ള പേരായിക്കൊള്ളട്ടെ എന്ന് കരുതിയാണ് ജരിത എന്ന പേരിട്ടത്. ഈ പേരിൽ എന്ത് പരിഷക്കാരമാണുള്ളതെന്ന് എത്ര ആലോചിട്ടും ഇത് വരെ ആർക്കും പിടികിട്ടിയില്ലത്രെ. ഒറ്റ മോളായതിന്റെ ലാളനയും ചോദിക്കുന്നതൊക്കെ അപ്പപ്പോൾ വാങ്ങി കൊടുക്കുന്നത് കണ്ട് വടക്കേതിലെ ലീലാമ്മച്ചി പറയുമായിരുന്നു ഇങ്ങനെ കൊച്ചിനെ കൂടുതൽ ‘നെഗളിപ്പിക്കല്ലെ കല്യാണിയമ്മേയെന്ന്. ഇങ്ങനെ പറയാൻ ഒരു കാരണവുമുണ്ടായി. കൊച്ച്കാവ് അമ്പലത്തിലെ ഉത്സവത്തിന്റെയന്ന് അച്ഛന്റെ കൈയിൽ തൂങ്ങിയാടിയാണ് അവൾ അമ്പലത്തിലേക്ക് പോയത്. കൂടെ അമ്മയും വടക്കേലെ ലീലാമ്മച്ചിയും മോൻ സഹദേവനും. സഹദേവന് അവളെക്കാൾ അഞ്ച് വയസ്സ് മൂപ്പായിരുന്നു. ഉൽസവം കണ്ണ് നിറയെ കണ്ട് കയ്യും കഴുത്തും കാണാൻ പറ്റാത്ത തരത്തിൽ അവൾക്ക് കുപ്പിവളയും മാലയുമൊക്കെ അച്ഛൻ വാങ്ങി കൊടുത്തു. മടങ്ങാൻ നേരമാണ് അവൾക്ക് ഇഷ്ടപ്പെട്ട ചോപ്പ് നിറമുള്ള കല്യാണത്താലി മുന്നിൽ തിളങ്ങുന്ന കണ്ടത്. അതിനായി ചിണുങ്ങി. ഇനീ ഒന്നും വാങ്ങിത്തരില്ലന്ന് അമ്മയും പറഞ്ഞു. ശുണ്ഠി കയിറിയ അവൾ കൈയിലേയും, കഴുത്തിലേയും വളയും മാലയും പറിച്ച് ദൂരേക്ക് എറിഞ്ഞിട്ട് മണ്ണിൽ കിടന്ന് ഉരുളാൻ തുടങ്ങി. അച്ഛൻ തല്ലില്ലെന്ന ബലത്തിലായിരുന്നു. കലികയറിയ അമ്മ നോവാത്ത തരത്തിൽ രണ്ടടിയും കൊടുത്തു. അമ്മ തല്ലുമ്പോൾ അച്ഛന്റെ ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരി സഹദേവന്റെ കണ്ണിലുടക്കിയെങ്കിലും അവനും ഒന്നും മിണ്ടിയില്ല. ഈ ബഹളത്തിനിടയിലാണ് സഹദേവനെ കാണാതായത്. എല്ലാവരും പരിഭ്രമിച്ചു. അവനാകട്ടെ അവൾ ആഗ്രഹിച്ച കല്യാണത്താലിയിൽ നോക്കിക്കൊണ്ട് രണ്ട് കടക്കപ്പുറമുണ്ടായിരുന്നു. അവനും കിട്ടി രണ്ട് അടി. മണ്ണിലുരുണ്ട അവളെയും വലിച്ചിഴച്ചാണ് വീട്ടിലേക്ക് വന്നത്. പിറകിൽ കരഞ്ഞ് കൊണ്ട് അവനും. വീട്ടിലെത്തിയ ഇരുവരേയും അച്ഛൻ മടിയിലിരുത്തി അമ്പലത്തിലെ അരയാലിൻ മുകളിലെ ആകാശത്ത് വിരിഞ്ഞ കമ്പത്തിന്റെ വർണ്ണ നൃത്തങ്ങൾ കാട്ടിയാണ് കരച്ചിലടക്കിയത്. ഇതിനിടയിലാണ് അവന്റെ പോക്കറ്റിൽ കിടന്ന എന്തോ ഒന്ന് അച്ഛന്റെ കൈയിൽ തടഞ്ഞത്. പോക്കറ്റിൽ കിടന്ന പൊതി അവൻ തന്നെ അച്ഛന് നൽകി. ഉൽസവപറമ്പിൽ വെച്ച് അവൾ ആഗ്രഹിച്ച കല്യാണത്താലി. ’അമ്പട കള്ളാന്ന് പറഞ്ഞ് അച്ഛനൊരു ചിരിയായിരുന്നു. മോൻ തന്നെ കെട്ടിക്കൊട്ക്ക് എന്ന്

പറഞ്ഞപ്പോൾ  അവളുടെ മുഖവും വിടർന്നു. കഴുത്തിലണിയുമ്പോൾ അവൾക്ക് നാണം തോന്നി. നേരം വെളുത്തപ്പോൾ ഇത് പറഞ്ഞ് എല്ലാവരും ചിരിയോട് ചിരിയായിരുന്നു.

കാലഗതിയിൽ ഒരു പാട് മാറ്റമുണ്ടായതായി അയാൾ ഓർത്തു. അവളുടെ അച്ഛനായിരുന്നു ആദ്യം മരിച്ചത്.  വയലിൽ പണിയെടുക്കുമ്പോൾ കുഴഞ്ഞ് വീഴുകയായിരുന്നു. അനക്കമില്ലാതെ കുറെ ദിവസം ഒറ്റക്കിടപ്പായിരുന്നു പിന്നെ സംസാരശേഷിയും നഷ്ടമായി.  അപ്പോൾ അമ്മയുടെ കരുതലൊന്ന് കണേണ്ടതായിരുന്നു.  അച്ഛൻ കണ്ണ് കൊണ്ട് പറയുന്നത് എന്തെന്ന് അമ്മക്കറിയാമായിരുന്നു.  അച്ഛനെ ചായ്ച്ചിരുത്തി കഞ്ഞി കോരിക്കൊടുക്കുമ്പോൾ അമ്മ ചിരിക്കും.  അച്ഛന്റെ മുഖം അപ്പോൾ പ്രകാശിക്കും. പുറത്തേക്കിറങ്ങിയ അമ്മ വിതുമ്പുന്നതാവും പിന്നെ കാണുക.  എല്ലാവരും ഉള്ള ഒരു ദിനത്തിലാണ് അച്ഛൻ പോയത്.  മരണം അമ്മയെ തളർത്തിയെങ്കിലും പതിയെ ജീവിതത്തിലേക്ക് നടന്ന് കയറുകയായിരുന്നു. ഇതിനിടെ അവളുടെ ചേട്ടൻമാരൊക്കെ കല്യാണം കഴിച്ച് വെവ്വേറെ താമസവുമായി. അവളും അമ്മയും മാത്രമായി അവരുടെ ലോകം ചുരുങ്ങി വന്നു.  അച്ഛന്റെ മരണത്തോടെ മാനസികമായി വ്യഥയിലായ അമ്മക്ക് വലിയ കാലമില്ല എന്ന തോന്നലിലാണ് കൊച്ച്കാവ് അമ്പലത്തിൽ വെച്ചുള്ള ശുഭമുഹൂർത്തത്തിൽ ജരിതയുടെ കഴുത്തിൽ സഹദേവൻ താലിചാർത്തിയത്. പണ്ട് കൊച്ച്കാവ് അമ്പലത്തിലെ ഉത്സവനാളിൽ അവളുടെ കഴുത്തി കെട്ടിക്കൊടുത്ത ചോപ്പ് നിറമുള്ള കല്യാണത്താലി നിറം മങ്ങിയെങ്കിലും ഇന്നും അവളുടെ കഴുത്തിലുണ്ടായിരുന്നു.

പത്രവായനക്ക് ശേഷം സഹദേവൻ അറഞ്ഞ് ചിന്തിക്കുകയായിരുന്നു.  നല്ല കാതലുള്ള തെങ്ങിൻതടിയിൽ ഉരുട്ടി ആര് കളഞ്ഞ് മിനുസപ്പെടുത്തി ഇരുവശവും പൂണുകൾ ഇട്ടതാണ് ഇവിടെയുള്ള ഉലക്ക. നല്ല ഒരടിയിൽ മലവും മൂത്രവും ഒന്നായോ വെവ്വേറയോ പോകുന്ന തരം. രഘുവരൻ സയൻസ് പുസ്തകത്തിൽ വായിക്കുന്നത് കേട്ടതാണ് ശരിയോ എന്തോ ;കഴുത്തിന് പിറകിൽ മെഡുല ഒബ്ലാംഗേറ്റ എന്തോ ഉണ്ടെന്നും അടിയേറ്റാൽ കിടപ്പിലാകുമെന്ന ചിന്ത അയാളിൽ ഉൾക്കിടിലമുണ്ടാക്കി. ചത്താൽ പോട്ടെന്ന് വെക്കാം.  എണീക്കാൻ വയ്യാതായാലോ. ജരിതയുടെ അച്ഛന്റെ അവസ്ഥ കണ്ടതാണ്.  തന്റെ കൈ പിടിച്ച അച്ഛൻ വേദന സഹിക്കാതെ ഒന്ന് കൊന്ന് തരാമോ മോനെയെന്ന് പറഞ്ഞത്.  അത്രക്കായിരുന്നു ദുരിതം.  അച്ഛൻ കിടക്കുന്നത് പോലൊന്ന് സങ്കൽപ്പിച്ചു. തിരിയാനും പിരിയാനും കഴിയുന്നില്ല.  വരുന്നവർ ആരെന്നറിയുന്നില്ല...... ! അർമ്മാദിച്ചും ആഹ്ളാദിച്ചും നടന്ന ജീവിതത്തിന് ബ്രേക് വീണത് പോലെ സഹദേവന് തോന്നി. ഓർമ്മയിൽ നിന്നും പിടഞ്ഞുണർന്ന് ഒരു തിരിച്ച് നടക്കലായിരുന്നു. പിന്നെ...

*　　　*　　　*

ജരിതക്ക് ഒന്നും മനസ്സിലായില്ല. ഇത് സ്വപ്നമാണോ യാഥാർഥ്യമാണോ എന്നറിയാതെ അവളും കുഴങ്ങി. കല്യാണത്തിന് മുമ്പേ തന്നെ സഹദേവൻ കുടിക്കുമായിരുന്നു. പക്ഷെ വഴക്കോ ബഹളമോ ഉണ്ടായിട്ടില്ല. കുട്ടിക്കാലത്ത് തന്നെ സഹദേവന്റെ അച്ഛൻ മരിച്ചതിനാൽ സഹദേവന് വേണ്ടി മാത്രമായിരുന്നു അമ്മ ലീലാമ്മച്ചിയുടെ ജീവിതം. വിലക്ക് കളില്ലാത്ത ജീവിതമായിന്നു. ആദ്യ മകൻ രഘുവരന്റെ പിറവി വരെ സമാധാനപരമായിരുന്നു ജീവിതം. മോളുടെ ജനനത്തോടെ കാര്യങ്ങളാകെ തകിടം മറിഞ്ഞു. കലഹം നിത്യമായി. ജോലി ചെയ്ത് കിട്ടുന്ന പൈസ കുടിക്കാനെ കാണു. പിന്നെ പൊതിരെ തല്ലും. പല ദിവസങ്ങളിലും തല്ല് ഭയന്ന് അയൽ വീടുകളിലാണ് താനും മക്കളും കിടപ്പെന്ന് അവളോർത്തു. സാമ്പത്തികമായി ഞെരുങ്ങാൻ തുടങ്ങിയപ്പോൾ മറ്റ് വീടുകളിൽ അടുക്കളപ്പണിക്ക് പോയി തുടങ്ങി. എത്ര നാൾ ഇങ്ങനെയെന്ന് കരുതുമ്പോഴാണ് മാന്ത്രിക വടിയാൽ ചുഴറ്റപ്പെടുമ്പോഴുണ്ടാകുന്ന അവിശ്വസനീയമായ കാഴ്ചയാണ് ജീവിതമെന്ന് അവൾക്ക് ബോധ്യപ്പെടുന്നത്.

കഴിഞ്ഞ കുറച്ച് ദിവസങ്ങളായി സഹദേവനിലുള്ള മാറ്റം അവൾ ശ്രദ്ധിക്കുകയായിരുന്നു. എല്ലാ ദിവസവും പത്രവായക്കൊപ്പമുള്ള ചായ കുടി കഴിഞ്ഞ് ഒന്നും പറയാതെ ഇറങ്ങി പോകാറാണ് പതിവ്. ഏത് ദിവസമാണോ എന്തോ അന്ന് സഹദേവന് കൊടുത്ത ചായയിൽ ഈച്ച വീണ് പൊന്തി കിടക്കുന്നത് കണ്ട് അവൾക്ക് ദേഷ്യം പെരുത്ത് കയറി. ആകെ വാങ്ങുന്ന ഇത്തിരി പാലിൽ വെള്ളം കൂട്ടി ചായ തിളപ്പിക്കാറാണ് പതിവ്. ആ ചായയാണ് ഈച്ച വീണിരിക്കുന്നത്. ആരും കാണാതെ അതിനെ എടുത്ത് കളഞ്ഞ് അരോടോ ഉള്ള ദേഷ്യത്താൽ അവൾ തന്നെ കുടിച്ചു. ഓഞ്ഞ ചവർപ്പിൽ നാവ് പുളിച്ചത് പോലെ തോന്നി. ആദിവസം മുതലാണ് സഹദേവനിലെ മാറ്റം അവൾ കണ്ട് തുടങ്ങിയത്.

അടുക്കളക്ക് പിന്നിൽ പാത്രങ്ങൾ കഴുകി കൊണ്ടിരിക്കുമ്പോഴാണ് പോട്ടെ ജരിതേയെന്ന ശബ്ദം കേട്ടത്. തിരിഞ്ഞ് നോക്കിയ അവൾ കണ്ടത് സഹദേവന്റെ ചിരിച്ച മുഖമായിരുന്നു. ജാള്യത കലർന്ന ചിരി. അവൾക്ക് പന്തികേടാണ് തോന്നിയത്. കുടിച്ച കള്ളിന്റെ കെട്ട് വിട്ടില്ലന്ന് മനസ്സിലായി. പിന്നെ യാത്ര ചോദിക്കൽ പതിവായി. വൈകുന്നേരങ്ങളിൽ കുടിച്ചെത്തുമെങ്കിലും പരാക്രമങ്ങൾ കുറഞ്ഞുവന്നു. സാധാരണ ഉച്ചക്ക് എത്താത്തയാൾ ഊണ് വീട്ടിലാക്കി. ജോലി കഴിഞ്ഞ് വരുമ്പോൾ അവൾക്കും കുട്ടികൾക്കും കൊറിക്കാനായി കപ്പലണ്ടിയോ കടലയോ കയ്യിലുണ്ടാകും. കുട്ടികൾ അതിശയത്തോടെ അച്ഛനിതെന്ത് പറ്റി എന്ന് നോക്കുമ്പോൾ അമ്മ കൈമലർത്താറാണ് പതിവ്. അച്ഛനെ കുറിച്ച് അവർക്ക് കുഴഞ്ഞഓർമ്മകളാണ്. നല്ല തുണിയോകളിപ്പാട്ടമോ കിട്ടിയിട്ടില്ല. അമ്മ ജോലിക്ക് പോകുന്നത് കൊണ്ടാണ് കഞ്ഞിക്ക് മുട്ടില്ലാത്തതെന്ന് മാത്രമറിയാം. അതിനാൽ അച്ഛനിലെ മാറ്റം ഏറെ സന്തോഷിപ്പിച്ചതും അവരെയാണ്.

ഒരു ദിനം സ്കൂൾ വിട്ട് വരുമ്പോൾ കണ്ടത് തങ്ങളുടെ പഴയ തുണികളും കളിപ്പാട്ടങ്ങളും അച്ഛൻ തീയിടുന്നു. പിന്നെയുള്ളത് ഇട്ടിരുന്ന തുണി മാത്രമായിരുന്നു. ഒന്നവർ ശ്രദ്ധിച്ചു. പുരയിലെ എല്ലാ കെട്ട ഗന്ധങ്ങളും ഇല്ലാതായി. അച്ഛനിറങ്ങി പോയത് ദേഷ്യത്തിലല്ലന്ന് അയാളുടെ ചുണ്ടിൽ ഒളിച്ചിരുന്ന ചിരിയിൽ നിന്നവർക്ക് മനസ്സിലായി. കുറച്ച് സമയം കഴിഞ്ഞപ്പോഴാണ് വീടിന് മുന്നിൽ വന്ന് നിന്ന ഓട്ടോയിൽ നിന്നിറങ്ങുന്ന അച്ഛനെയാണ് കണ്ടത്. നിറഞ്ഞ പുഞ്ചിരിയോടെയാണ് അവരെ വിളിച്ചത്. ചെല്ലാൻ അമ്മയും ആംഗ്യം കാട്ടി. അച്ഛൻ നൽകിയ ഷവർമ്മയാണ് ആദ്യം കഴിച്ചത്. കത്തിച്ച് കളഞ്ഞ കളിപ്പാട്ടങ്ങൾക്ക് പകരം പുതിയത്. അമ്മക്ക് സാരി , ബ്ലൗസിന് തുണി , തലേക്കുത്തി, ഈരോലി, പേൻ ചീപ്പ്, അടുക്കള പാത്രങ്ങൾ.... ! അച്ഛന്റെ തല്ല് പേടിച്ച് അയൽവീട് കളിലേക്ക് ഓടാറുള്ള അമ്മ പറയുവാ അച്ഛന്റെ ഒരടി കിട്ടീരുന്നെങ്കിലെന്ന്. അന്ന് ഏറെ ചിരിച്ചതും അച്ഛനായിരുന്നു.

രണ്ട് വർഷത്തിന് ശേഷമുള്ള പ്രഭാതത്തിലാണ് മുറ്റമടിച്ച് കൊണ്ടിരുന്ന ജരിതയുടെ കാൽ ചോട്ടിലേക്ക് വീണ പത്രത്തിലെ തലക്കെട്ടിൽ കണ്ണുടക്കിയത്. അതിശയിച്ചുപോയി. 'ഉലക്കക്ക് അടിച്ച് ഭർത്താവിനെ കൊന്ന ജരിതയെന്ന യുവതിയെ കോടതി വെറുതേ വിട്ടു. ജരിത തെറ്റുകാരിയല്ലന്നു് കോടതി നിരീക്ഷിച്ചു'. മക്കളായ രഘുവരനും, ജാനകിയും, ജരിതയുടെ മാതാവായ കല്യാണിയമ്മയും, വാർഡ് കൗൺസിലർ വാമദേവനും വിധി കേൾക്കാൻ എത്തീരുന്നു. ! കൊടുങ്കാറ്റ് പോലെ അകത്തേക്ക് ഓടിയ ജരിത പത്രം സഹദേവന്റെ മുന്നിലേക്ക് വലിച്ചെറിഞ്ഞു. പത്രത്തിലേക്ക് കണ്ണോടിച്ചിട്ട് അയാൾ ജരിതയുടെ മുഖത്തേക്ക് നോക്കി. ഈച്ച ചത്ത് വീണ ചായ കുടിച്ച പോലെയുള്ള ഓഞ്ഞ ചിരിച്ച മുഖമായിരുന്നു സഹദേവനപ്പോൾ!

●